A

# സമഗ്ര ശിക്ഷാ, കേരളം

1002

# പാദവാർഷിക മൂല്യനിർണ്ണയം 2024–25

ക്ലാസ് : 10

## മലയാളം

## കേരളപാഠാവലി

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക.**
**(1 സ്കോർ വീതം)** **(4 x 1 = 4)**

1. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ ജോടി ഏത്?
   - അഭിജ്ഞാനശാകുന്തളം - കാളിദാസൻ
   - പാവങ്ങൾ - ലളിതാംബിക അന്തർജനം
   - വിശ്വരൂപം - ഒ വി വിജയൻ
   - കടൽത്തീരത്ത് - നാലപ്പാട്ട് നാരായണമേനോൻ

2. കണ്ടുണ്ണി എന്ന കഥാപാത്രത്തിന്റെ അമ്മയുടെ സാന്നിധ്യം കഥയിൽ അനുഭവപ്പെടുന്നത് എങ്ങനെ?
   - കണ്ടുണ്ണിയുടെ വാക്കുകളിലൂടെ
   - പൊതിച്ചോറിലൂടെ
   - ബലിക്കാക്കകളിലൂടെ
   - കരിമ്പനകളിലിരമ്പുന്ന കാറ്റിലൂടെ

3. "പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
   ധാരയാർന്ന പനിനീർസുമോപമം."
   ഈ സന്ദർഭത്തിൽ ഉഷസ്സ് എന്ന പദത്തിന് പകരം ഉപയോഗിക്കാൻ കഴിയാത്തതേത്?
   - പുലരി
   - പ്രഭാതം
   - നിശ
   - വിഭാതം

4. 'പുഴമണലിൽനിന്ന് വെള്ളായിയപ്പൻ പുഴവെള്ളത്തിലേക്കിറങ്ങി.'
   പുഴമണൽ എന്ന പദത്തിന്റെ ശരിയായ വിഗ്രഹരൂപം ഏത്?
   - പുഴയും മണലും
   - പുഴയിലെ മണൽ
   - പുഴയാകുന്ന മണൽ
   - പുഴയോളം മണൽ

(മറുപുറം)

5 ചേർത്തെഴുതിയവയിൽ വ്യത്യസ്തമായ പദക്കൂട്ടം ഏത്?

- കോളാമ്പി, ചെടി - കോളാമ്പിച്ചെടി
- തുളസി, തറ - തുളസിത്തറ
- പടി, ഇറങ്ങുക - പടിയിറങ്ങുക
- കീറി, പറിഞ്ഞ - കീറിപ്പറിഞ്ഞ

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ വീതം) (2 x 2 = 4)**

6. 'ആ വീടുകൾക്കുമപ്പുറത്ത് പാഴുതറയിലെ അമ്പതിൽ ചില്വാനം കുടികളിലത്രയും ഈ വിഷാദവും സഹാനുഭൂതിയും നിറഞ്ഞു.'

(കടൽത്തീരത്ത്)

സന്ദർഭത്തിൽ തെളിയുന്ന ഗ്രാമീണജീവിതത്തിന്റെ രണ്ടു സവിശേഷതകൾ എഴുതുക.

7. • അത് ഇവന്റെ ആകൃതിക്കു ചേർന്ന പ്രകൃതികൊണ്ടുതന്നെ അറിയാം.

• പ്രകൃതിക്കുമേലുള്ള മനുഷ്യന്റെ കടന്നുകയറ്റം സർവനാശത്തിലേക്ക് നമ്മെ കൊണ്ടെത്തിക്കും.

അടിവരയിട്ട പദത്തിന് രണ്ട് വാക്യത്തിലും ഒരേ അർഥമാണോ? കണ്ടെത്തിയെഴുതുക.

8. 'തികച്ചും അമ്പരന്ന്, ഒരു പാവയുടെ മാതിരി, അയാൾ ആ രണ്ടു മെഴുതിരിവിളക്കുകൾ കൈയിൽ വാങ്ങി.' (പാവങ്ങൾ)

ഒരു പാവയുടെ മാതിരി എന്ന പ്രയോഗം നൽകുന്ന അർഥസൂചനയെന്ത്?

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ വീതം) (5 x 4 = 20)**

9. "സംസാരകാരിണിയായതവിദ്യയും
സംസാരനാശിനിയായതു വിദ്യയും"

(ലക്ഷ്മണസാന്ത്വനം)

വിദ്യയെക്കുറിച്ചുള്ള എഴുത്തച്ഛന്റെ കാഴ്ചപ്പാടിന് ഇക്കാലത്തുള്ള പ്രസക്തി എന്ത്? നിങ്ങളുടെ നിരീക്ഷണങ്ങൾ കുറിക്കുക.

10 • 'അപരിചിതരുടെ സ്വരങ്ങൾ കഴുത്തിനു ചുറ്റും പിരിഞ്ഞുമുറുകി. വെള്ളായിയപ്പനു ശ്വാസംമുട്ടി.'

• 'അപരിചിതരുടെ താല്പര്യരഹിതമായ സംഭാഷണം എണ്ണമറ്റ കൊലക്കയറുകളായി.'

(കടൽത്തീരത്ത്)

ഇത്തരം വാക്യങ്ങൾ കഥാസന്ദർഭത്തിന് നൽകുന്ന സവിശേഷതകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

(മറുപുറം)

11. • "വത്സ! സൗമിത്രേ! കുമാര! നീ കേൾക്കണം
മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ"

(ലക്ഷ്മണസാന്ത്വനം)

• "എന്റെ സ്നേഹിതാ, ഇനി ഇങ്ങോട്ടു വരുമ്പോൾ നിങ്ങൾക്കു തോട്ടത്തിലൂടെ കടന്നുപോരണമെന്നില്ല." (പാവങ്ങൾ)

സ്നേഹാർദ്രമായ സംബോധനകൾക്കു മനുഷ്യമനസ്സിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയും.

ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ, മുകളിൽ നൽകിയ സന്ദർഭങ്ങൾ വിശകലനം ചെയ്ത് നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

12. "എരിയാൻ വിറകിന്നു കാത്തിടും
പൊരിയായുള്ളൊരു ഹവ്യവാഹന്
ശരിയായി നിനച്ചിടുന്നു ഞാൻ
പെരിയോർക്കുള്ളൊരു വീരബാലനെ"

(ഋതുയോഗം)

വരികളിലെ കാവ്യഭംഗി കണ്ടെത്തി വിവരിക്കുക.

13. "ഓർമ്മകൾ...അതു മാത്രമേ വാർധക്യത്തിനവകാശപ്പെട്ടതായുള്ളൂ സുധീർ."

(വിശ്വരൂപം)

ഓർമ്മകൾ അയവിറക്കാൻ മാത്രമുള്ളതാണ് വാർധക്യം എന്ന മിസ്സിസ് തലത്തിന്റെ കാഴ്ചപ്പാടിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? പ്രതികരിക്കുക.

14. "ഏവമോതിയിടരാർന്നു കണ്ണുനീർ
തൂവിനാൾ മൊഴി കുഴങ്ങി നിന്നവൾ,
ഭാവശാലികൾ പിരിഞ്ഞുകൂടിയാ-
ലീവിധം വികലമാം സുഖോദയം." (പ്രിയദർശനം)

നളിനിയുടെ മാനസികാവസ്ഥ വരികളിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?
കാവ്യസന്ദർഭം വിശകലനം ചെയ്തു കുറിപ്പ് തയ്യാറാക്കുക.

**15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം) (2 x 6 = 12)**

15. "മദാം മഗ്ലാർ, ഞാൻ ആ വെള്ളിസ്സാമാനം വളരെക്കാലം സൂക്ഷിച്ചുപോന്നത് ഒരിക്കലും ശരിയായിട്ടല്ല. അതു പാവങ്ങളുടെയാണ്."

"ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്നു നിങ്ങൾ പ്രതിജ്ഞചെയ്തിട്ടുള്ളതു മറക്കരുതേ."

(പാവങ്ങൾ)

സൂചനകളും പാഠഭാഗത്തിലെ മറ്റുസന്ദർഭങ്ങളും വിശകലനം ചെയ്ത് 'മെത്രാൻ' എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

(മറുപുറം)

16. "മാതാപിതൃഭ്രാതൃമിത്രസഖികളെ
ക്രോധം നിമിത്തം ഹനിക്കുന്നിതു പുമാൻ."

(എഴുത്തച്ഛൻ)

'കോപം ഒരു തീയാണ്. അത് നിങ്ങളെ നശിപ്പിക്കും. മറ്റുള്ളവരെ നശിപ്പിക്കും. അതിനാൽ അതിനെ ശമിപ്പിക്കുക.'

(ശ്രീബുദ്ധൻ)

മുകളിൽ നൽകിയ സൂചനകളും സമകാലികസംഭവങ്ങളും വിശകലനം ചെയ്തു 'ക്രോധം വെടിയാം നല്ല നാളേയ്ക്കായ്' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

17. കവിതയുടെ പ്രമേയം, ആസ്വാദനാംശങ്ങൾ, സമകാലികപ്രസക്തി എന്നിവ പരിഗണിച്ച് ആസ്വാദനം തയ്യാറാക്കുക.

**ഏകനായ് നടന്നു നീ**

ഏതുകാലമാകിലും ഏതു നേരമാകിലും
ഏതു ദിക്കിലാകിലും ഏകനായ് നടന്നു നീ.

ചൂടുകാറ്റടിക്കിലും കാലവർഷമാർക്കിലും
കോടമൂടി നിൽക്കിലും ഏകനായ് നടന്നു നീ.

ആരുവിട്ടുപോകിലും ആരുനേർത്തെതിർക്കിലും
ഏതുപുച്ഛമേൽക്കിലും ഏകനായ് നടന്നു നീ.

ദൂരമെത്രയാകിലും ഏതു കൂർത്തമുള്ളിലും
ആരെറിഞ്ഞ കല്ലിലും ഏകനായ് നടന്നു നീ.

കണ്ണുനീർ കുടിക്കിലും മഞ്ഞുപോൽ വിറയ്ക്കിലും
ചോരവാർന്നൊലിക്കിലും ഏകനായ് നടന്നു നീ.

* * * * * *

ബോധിഭൂവിനപ്പുറം കാൽവരിക്കുമപ്പുറം
രാജഘട്ടിനപ്പുറം ഏകനായ് നടന്നു നീ.

കൂരിരുട്ടിൽ ദീപമായ് കാനനത്തിൽ മാർഗമായ്
ജീവിതത്തിലാശയായ് ഏകനായ് നടന്നു നീ.

ജി. കുമാരപിള്ള

| | | |
|---|---|---|
| രാജഘട്ട് | - | മഹാത്മാഗാന്ധിയുടെ അന്ത്യവിശ്രമസ്ഥലം |
| കാൽവരി | - | യേശുക്രിസ്തുവിനെ ക്രൂശിലേറ്റിയ പ്രദേശം |
| ബോധിഭൂവ് | - | ശ്രീബുദ്ധന് ബോധോദയം ലഭിച്ച ഇടം |